മെട്രോ മനോരമ TVM

# ഇനി നോവൽരംഗത്തും സുന്ദരജ്യോതി

## മാനേജ്മെന്റ് രംഗത്തെ അറിയപ്പെടുന്ന വ്യക്തിത്വമായ ജ്യോതിമേനോൻ ഇതാ ഇംഗ്ലിഷിൽ പുതിയ നോവലുമായി



*മാനേജ്മെന്റ് വിദഗ്ധയും നോവലിസ്റ്റുമായ ജ്യോതി മേനോൻ*

തിരുവനന്തപുരം: ജീവിതമായാലും ഉദ്യോഗമായാലും ബന്ധമാണ് വലുത്. ഉദ്യോഗത്തിനിടയിലെ ബന്ധങ്ങളെ കുറിച്ച് ആരും അധികം ശ്രദ്ധിക്കാറില്ല. ഇവിടെയാണ് കോഴിക്കോട് തിരുവണ്ണൂർ സ്വദേശി ജ്യോതി മേനോന്റെ റോൾ.

ജ്യോതി പറയുന്നു: ഒരാളുടെ സ്വകാര്യ ജീവിതം പോലെ തന്നെയാണ് ഉദ്യോഗജീവിതവും. സ്വകാര്യ ജീവിതത്തിൽ വിവാഹവും കുഞ്ഞിന്റെ ജനനവും പോലെ നാഴികക്കല്ലുകളുള്ളതു പോലെ പല കടമ്പകൾ ഉദ്യോഗജീവിതത്തിലുമുണ്ട്.

ജോലിക്കു കയറുന്നതു മുതൽ പ്രവർത്തന മികവും വിലയിരുത്തലും കയറ്റിറക്കങ്ങളും, ഒടുവിൽ പിരിയും വരെ...പഴയ പഴ്സനൽ മാനേജ്മെന്റ് എച്ച്ആർ അഥവാ മനുഷ്യ വിഭവശേഷി മാനേജ്മെന്റ് എന്ന ഇന്നത്തെ കാലത്ത് സങ്കീർണ വിഷയമായി തീർന്നിരിക്കുന്നതായി ജ്യോ എന്നറിയപ്പെടുന്ന ജ്യോതി മേനോൻ പറയുന്നു. ഇന്ത്യയിൽ ഹ്യൂമൻ റിസോഴ്സ് രംഗത്തെ അറിയപ്പെടുന്ന വിദഗ്ധയാണ് ഇവർ. സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കിൽ എച്ച്ആർ സീനിയർ വൈസ് പ്രസിഡന്റ്. പക്ഷേ അതുകൊണ്ടു തീരാതെ ജ്യോയ്ക്കു വേറൊരുപാട് റോളുകളുണ്ട്. എച്ച്ആർ പരിശീലക, കനപ്പെട്ട മാനേജ്മെന്റ് പുസ്തകങ്ങളുടെ എഴുത്തുകാരി. ഒടുവിൽ പുതിയ റോളിലേക്കു മാറുകയാണു ജ്യോ.

നോവലിസ്റ്റ്!

ഇംഗ്ലിഷിലാണ് ആദ്യ നോവൽ: ദി ഏയ്ഞ്ചൽ ഓഫ് ഗോവ്. മലയാളത്തിൽ മുൻ ദൂരദർശൻ ഡയറക്ടർ കുഞ്ഞികൃഷ്ണന്റെ തർജമ ഉടൻ പുറത്തിറങ്ങുന്നു. നോവൽ കോഴിക്കോട്, മുംബൈയിലെ ധാരാവി, ചെന്നൈ, സൗദിയിലെ ജദ്ദ, ലിബിയയിലെ ട്രിപ്പോളി, റോം എന്നിങ്ങനെ മുന്നേറുമ്പോൾ ഈ സ്ഥലമൊക്കെ ജ്യോതിക്കു പരിചയമുണ്ടോ എന്നാരും ചോദിച്ചു പോകും.

അവിടൊക്കെ ജ്യോതി താമസിച്ചിട്ടുണ്ട്. അച്ഛൻ എയർ ഇന്ത്യയിൽ സീനിയർ ജനറൽ മാനേജരായിരുന്ന കെ.ആർ. രാമചന്ദ്രൻ ഇവിടൊക്കെ നിയമിതനായപ്പോൾ മകളും കൂടെപ്പോയിരുന്നു. അതിനാൽ രാജ്യാന്തര ക്രൈം കഥയ്ക്കു പണ്ടു താമസിച്ചയിടമൊക്കെ വേദിയാവുകയായിരുന്നു.

മി ദ് വിന്നർ എന്ന പേരിലും പുസ്തകം എഴുതിയിട്ടുണ്ട്– അതാണു ജ്യോതി. ദ് പവർ ഓഫ് ഹ്യൂമൻ റിലേഷൻസ്, ബ്രാൻഡ് വൈസ് എന്നീ പുസ്തകങ്ങളും രചിച്ചു. സ്റ്റാൻ ചാർട്ട് ബാങ്കിലെ ജോലിക്കു പുറമേ കോർപറേറ്റ് കമ്പനികളിൽ ഇതേ വിഷയത്തിൽ പ്രഭാഷണങ്ങൾ നടത്തുന്നു. മാന്ദ്യം മൂലം കാലം മോശമായതിൽ വിഷമിക്കാതെ പ്രഫഷനലുകളെ മാനസികമായി ഉത്തേജിപ്പിക്കുകയാണു ലക്ഷ്യം.

എച്ച്ആർ രംഗത്തെ തന്നെ വിദഗ്ധനും പരിശീലകനുമായ ബോബിയാണു ഭർത്താവ്. എട്ടു വയസ്സുകാരി പൂജ മകൾ. ബാങ്കിലെ ജോലിയും വായനയും എഴുത്തും പ്രഭാഷണങ്ങളും യാത്രകളുമായി ജ്യോതി ജീവിതം ആസ്വദിക്കുന്നു.